# യാമനമസ്കാരത്തിലെ മരിയസ്മരണാനുഭവം

## ആമുഖം

റവ. ഡോ. കുര്യൻ വാലുപറമ്പിൽ

യാനം ചെയ്യുന്നതു യാമം. ഏഴര നാഴിക (മൂന്നു മണിക്കൂർ) ഒരു യാമം. ദിവസത്തിന് ഇരുപത്തിനാലു മണിക്കൂർ. സന്ധ്യയുടെ തുടക്കംമുതൽ ഒമ്പതു നേരം യാമപ്രാർഥന. സന്ധ്യക്കും പാതിരാത്രിക്കുമിടയിൽ ഉറങ്ങാൻ കിടക്കുന്നതിനു മുമ്പ് ഒരു ക്രമപ്രാർഥന - സൂത്താറാ. അങ്ങനെ ദിവസം പത്തുനേരത്തേക്കുള്ള പ്രാർത്ഥനകളുടെ സഭയുടെ അംഗീകൃതരൂപം. അതാണ് അന്ത്യോക്യൻ സുറിയാനി ആരാധനക്രമം സ്വന്തമാക്കിയിട്ടുള്ള സഭകളുടെ യാമനമസ്കാരക്രമം. സൗകര്യത്തെപ്രതി സന്ധ്യ, സൂത്താറാകൾ തുടർച്ചയായി ഒരു സമയത്തും, രാത്രി നാലു യാമങ്ങളും തുടർച്ചയായി ഒരു സമയത്തും, പ്രഭാതം, ഏഴര (മൂന്നാം മണി) എന്നിവ തുടർച്ചയായി ഒരു സമയത്തും, ഉച്ച (ആറാം മണി), ഇരുപത്തിരണ്ടര (ഒമ്പതാം മണി) തുടർച്ചയായി ഒരു സമയത്തും നിറവേറ്റുന്ന പതിവുമുണ്ട്. പശ്ചിമേഷ്യയിൽ ഉരുവപ്പെട്ട അന്ത്യോക്യൻ സുറിയാനി ആരാധനക്രമപാരമ്പര്യത്തിൽനിന്ന് ചരിത്രഗതിയിൽ ഭാഗ്യവശാൽ മലങ്കര സഭയ്ക്കു കൈവന്ന അന്ത്യോക്യൻ സുറിയാനി ആരാധനക്രമമനുസരിച്ചുള്ളതാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യാമനസ്കാരക്രമം.

## രക്ഷാകരസംഭവങ്ങളുടെ അനുസ്മരണ

സഭ രക്ഷാകരസംഭവങ്ങളുടെ അനുസ്മരണ ആഘോഷിക്കുന്ന ആരാധനക്രമപരമായ (*ലിറ്റർജിക്കൽ*) പ്രാർഥനക്രമനിരകളാണ് യാമനമസ്കാരം. സുറിയാനി സഭ അതു ക്രമവത്കരിച്ചിട്ടുള്ളത്. യേശുക്രിസ്തുവിൽ ദൈവം നിറവേറ്റിയ ലോകരക്ഷയുടെ പ്രധാന സംഭവങ്ങളുടെ അനുസ്മരണയോടു ബന്ധപ്പെടുത്തിയത്രേ. ഈ അനുസ്മരണ സഭ ഒരു വർഷംകൊണ്ടു നീതിസൂര്യനായ യേശുവിനെ വലംവയ്ക്കുന്ന കാലയളവിൽ ആഘോഷിക്കപ്പെടുന്നു. അങ്ങനെ, നസറത്തിൽ കന്യക മറിയമിനോടുള്ള അറിയിപ്പിന്റെ വചനിപ്പുകാലം, യേശുവിന്റെ ജനന - സ്നാന (*യല്ദാ*-ദനഹാ/പ്രകാശന)കാലം, നോമ്പുകാലവും തുടർന്നുള്ള പീഡാനുഭവവാരവും, ഉയിർപ്പുകാലം, പെന്തിക്കൊസ്തിക്കാലം, നമ്മുടെ കർത്താവിന്റെ തേജസ്കരണകാലം, സ്ലീബാക്കാലം എന്നിവ. സ്ലീബാക്കാലം കർത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനം അനുനുസ്മരിക്കുന്ന കാലമാണ്. അങ്ങനെ അവിടുത്തെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പു മുതൽ പുനരാഗമനംവരെ അനുസ്മരിക്കപ്പെടുന്ന ഒരു സഭാവർഷം.

## *പെങ്കീതൊ*, *ശ്ഹീമൊ* നമസ്കാരക്രമങ്ങൾ

ഓരോ ആരാധനക്രമകാലത്തിന്റെയും ഞായറാഴ്ചകൾക്കും ഇടദിവസങ്ങൾക്കും, പെരുന്നാളുകൾക്കും (പ്രത്യേക ഓർമദിനങ്ങൾക്കും - ഉദാ: പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ - പ്രത്യേകം പ്രത്യേകം യാമനമസ്കാരക്രമമുണ്ട്. ഇവയുൾ ക്കൊള്ളുന്ന സുറിയാനി മൂലഗ്രന്ഥം *പെങ്കീസാ* (ആണ്ടുതക്സാ) എന്ന് അറിയപ്പെടുന്നു. അതിന്റെ സമ്പൂർണ ഇംഗ്ലീഷ് വിവർത്തനം വാഗമൺ കുരിശുമല ആശ്രമത്തിൽനിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആണ്ടുതക്സാ പൂർണമായി മലയാളത്തിലായിട്ടില്ല. *യല്ദാ* (നമ്മുടെ കർത്താവിന്റെജനനപ്പെരുന്നാൾ) സന്ധ്യ, രാത്രി യാമങ്ങൾ, ദുഃഖവെള്ളിയുടെ സന്ധ്യ-സൂത്താറാ, രാത്രി യാമങ്ങൾ, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണിയാമങ്ങൾ, കൃംതാവാരം സന്ധ്യ,രാത്രിയാമങ്ങൾ, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണിയാമങ്ങൾ എന്നിവയുടെ യാമനമസ്കാരങ്ങൾ മലയാളത്തിലുണ്ട്. *കൂദോശ് ഈദ്തൊ* (സഭയുടെ വിശുദ്ധീകരണ) ഞായർ മുതൽ *ആനീദേ* (പരേതരുടെ) ഞായർ വരെയുള്ള നമസ്കാരങ്ങൾക്കുള്ള പ്രുമിയോൻ -സെദറാ - എത്രൊകൾ ഓർത്തഡോക്സ് (കോട്ടയം) സഭയുടെ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ സുറിയാനിയിൽനിന്നു പരിഭാഷപ്പെടുത്തിയത് 1948 മുതൽ പല വർഷങ്ങളിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ആഴ്ചക്രമവും വാർഷികക്രമവും

യാമനമസ്കാരത്തിന് ആഴ്ചക്രമവും വാർഷികക്രമവുമുണ്ട്. രക്ഷാകരസംഭവങ്ങളുടെ അനുസ്മരണ ഒരാഴ്ചകൊണ്ട് ആഘോഷിക്കുന്ന ആരാധനക്രമപരമായ (*ലിറ്റർജിക്കൽ*) പ്രാർഥനക്രമമാണ് യാമനമസ്കാരത്തിന്റെ ആഴ്ചക്രമം. അത് ഞായറിന്റെ സന്ധ്യ മുതൽ ശനിയുടെ ഒമ്പതാം മണിവരെ

യുള്ള പ്രാർഥനകളുടേതാണ്. ആരാധനക്രമദിവസത്തിന്റെ ആരംഭം തലേ ദിവസം സന്ധ്യയ്ക്ക്. ആഴ്ചയിലെ ഓരോ ദിവസത്തിനും യാമത്തിനും പ്രത്യേക പ്രാർഥനകൾ. സാധാരണ ദിവസങ്ങളിലെ പ്രാർഥനക്രമം *ശ്ഹീമൊ* (സാധാരണ) നമസ്കാരക്രമം എന്ന് അറിയപ്പെടുന്നു. ഇപ്പോൾ മലങ്കര കത്തോലിക്കാ സഭയിൽ ഉപയോഗിക്കുന്ന *ശ്ഹീമൊ* നമസ്കാരപ്പുസ്തകത്തിൽ സാധാരണ ഞായറുകളിലെ പ്രാർഥനക്രമം ചേർത്തിട്ടില്ല. *ശ്ഹീമൊ* നമസ്കാരം കൂടാതെ, വിശ്വാസികൾക്കു സാധാരണ ദിവസങ്ങളിലെ ഉപയോഗത്തിന് ഒരു ലഘുക്രമവുമുണ്ട്. ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും ഒരേ പ്രാർഥനകൾതന്നെയുള്ളത്. ഇതാണ് മലങ്കരസഭയിലെ ഭവനങ്ങളിൽ യാമനമസ്കാരത്തിന് പീഡാനുഭവയാഴ്ചയൊഴികെയുള്ള ദിവസങ്ങളിൽ പ്രയോജനപ്പെടുത്തുന്നത്. ഇപ്പറഞ്ഞ ലഘുക്രമം നമ്മുടെ ഈ പഠന, വിശകലനത്തിനു വകയല്ല.

*ശ്ഹീമൊ* നമസ്കാരവും ചെറിയ ക്രമവും

മലങ്കര സുറിയാനി സഭയിൽ പ്രതിവാരക്രമത്തിൽ തിങ്കൾ മുതൽ ശനി ഉൾപ്പടെയുള്ള സാധാരണ ദിവസങ്ങളിലെ യാമനമസ്കാരത്തിന്റെ രണ്ടു രൂപങ്ങളുണ്ട്. 'സാധാരണ ദിവസങ്ങൾ' എന്നു പറയുന്നത് ഞായർ, പെരുന്നാൾദിനങ്ങൾ, വലിയ നോമ്പ്, മൂന്നു നോമ്പ്, ഹാശായാഴ്ച, ഉയിർപ്പുവാരം, സ്ലീബാക്കാലം, എന്നിത്യാദി സവിശേഷ ദിവസങ്ങൾ ഒഴികെയുള്ളവയാണ്. സാധാരണ ദിവസങ്ങളിലെ യാമനമസ്കാരത്തിന് വിശ്വാസിസമൂഹത്തിനു സഹായകമായുള്ള ചെറിയ ക്രമമുണ്ട്. എല്ലാ ദിവസവും ഒരേ പ്രാർഥനകൾ. വൈദിക,സന്യസ്തർ പ്രയോജനപ്പെടുത്തുന്ന *ശ്ഹീമൊ* നമസ്കാരം കുറെക്കൂടി ദീർഘവും മൂലകൃതി സുറിയാനി ഗാനരൂപങ്ങളിലുമുള്ളതുമാണ്. ഞായറൊഴികെ ആഴ്ചയിലെ ഓരോ ദിവസത്തേക്കും യാമങ്ങൾക്കും പ്രത്യേക പ്രാർഥനകളുള്ളത്. *ശ്ഹീമൊ* എന്ന സുറിയാനി വാക്കിന് സാധാരണ, പൊതുവായത് എന്നർഥം. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വൈദിക,സന്യസ്തർക്കു ലഭ്യമായിട്ടുള്ള *ശ്ഹീമൊ* നമസ്കാരത്തിന്റെ ഗാനരൂപത്തിലുള്ള മലയാള വിവർത്തനം സുറിയാനി മൂലത്തിന്റെ പൂർണരൂപമല്ല. പൂർണമായ ഗദ്യവിവർത്തനം 1970ൽ ഭാഗ്യസ്മരണാർഹരായ ബഹു. ഏബ്രഹാം ഒ.ഐ.സി, സിറിൽ ഒ.ഐ.സി (പില്ക്കാലത്ത് സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ) എന്നിവർ ചേർന്ന് ഗദ്യരൂപത്തിൽ പരിഭാഷപ്പെടുത്തി പട്ടം സെന്റ് മേരീസ് പ്രസിൽ അച്ചടിച്ച് 1970ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1915ൽ പാമ്പാക്കുട മാർ യൂലിയോസ് പ്രസിൽ അച്ചടിച്ച സുറിയാനി പതിപ്പാണ് പരിഭാഷകർ ആധാരമാക്കിയത്. എങ്കിലും, "അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ അധ്യക്ഷനായിരുന്ന റഹമ്മാനി പാത്രിയർക്ക 1937ൽ പരിഷ്കരിച്ചു പ്രസിദ്ധീകരിച്ച സുറിയാനി *ശ്ഹീമൊ* യാമനമസ്കാരവുമായി ഒത്തുനോക്കി സ്വീകാര്യമായി തോന്നിയ ചില ചില്ലറ ഭേദഗതികൾ തർജിമയിൽ സ്വീകരിച്ചിട്ടുണ്ട്." (*സുറിയാനി ക്രിസ്ത്യാനികളുടെ നമസ്കാരക്രമം*, പേജ് ii). ഈ വിവർത്തനവും സുറിയാനി പാഠവും മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഉപയോഗിച്ചുപോരുന്ന ഗാനരൂപത്തിലുള്ള മലയാളക്രമവും പ്രയോജനപ്പെടുത്തിക്കൊണ്ടുമാണ് നമ്മുടെ ഈ മരിയദർശനഭിക്ഷ.

വാർഷികക്രമം: രക്ഷാകരസംഭവങ്ങളുടെ അനുസ്മരണ ഒരു ആരാധനക്രമവർഷംകൊണ്ട് ഏഴ് ആരാധനക്രമകാലങ്ങളിലായി ഒരാവർത്തി ആഘോഷിക്കുന്ന ചാക്രികക്രമമാണ് ശ്ഹീമൊയിലും പെങ്കീസായിലും ആവിഷ്കൃതമായിട്ടുള്ള മരിയദർശനസൂചകങ്ങളുടെ ദൈവശാസ്ത്രപരവും ക്രമവത്കൃതവുമായ ഒരു ലഘുവതരണമാണ് നാമുദ്ദേശിക്കുന്നത്.

വചനബലി

യാമനമസ്കാരം; വചനബലിയാണ്. അത് സഭയുടെ സ്വാവബോധത്തിന്റെയും വിശ്വാസത്തിന്റെയും ആധ്യാത്മിയാനുഭവത്തിന്റെയും പ്രാർഥനാരൂപത്തിലുള്ള ആവിഷ്കരണമത്രേ. അതിൽ രക്ഷാകരസംഭവങ്ങളുടെ അനുസ്മരണയുണ്ട്. അവ നിർവഹിച്ച ദൈവിക വ്യക്തികൾക്കു സ്തുതിയും ആരാധനയും അവരോട് അപേക്ഷകളുമുണ്ട്. അവർ രക്ഷാകര ചരിത്രത്തിൽ നിർവഹിച്ചവയും നിവർത്തിച്ചവയും നിവർത്തിക്കാനിരിക്കുന്നവയുമായ സംഭവങ്ങളുടെയും ഇടപെടലുകളുടെയും, സഹകരിപ്പിച്ചവരിൽ കുറെപ്പേരുടെയും അനുസ്മരണങ്ങളുണ്ട്. സുറിയാനി ക്രൈസ്തവ മാമുനികളും ദർശനമനീഷികളും അന്തരാത്മാവിൽ അനുഭവിച്ചു ലയിച്ച ക്രൈസ്തവ രക്ഷാശാസ്ത്രത്തിന് പൗരസ്ത്യമായ പ്രാർഥനാരൂപത്തിൽ നീട്ടപ്പെട്ട സത്യവിശ്വാസപ്രകാശനവീചികളാകുന്നു യാമപ്രാർഥനയിലെ വാഗ്വിലാസങ്ങൾ.

### ഉദ്ദേശ്യം

യാമനസ്കാരത്തിന്റെ ഉദ്ദേശ്യം ദൈവത്തെ മഹത്ത്വപ്പെടുത്തുകയും യാമങ്ങളെയും നാഴികകളെയും ദിനങ്ങളെയും കാലങ്ങളെയും അർഥികളെയും ദൈവികീകരിക്കുകയുമാകുന്നു. യാമംതോറും സഭയുടെയും അർഥികളുടെയും വിശുദ്ധീകരണത്തിനുതകുന്നു.

### പ്രാർഥനയിലെ ബൈബിൾവ്യാഖ്യാനങ്ങൾ

ആരാധനക്രമപരമായ പ്രാർഥനകളിൽ പരിശുദ്ധ മറിയമിനോടു ബന്ധപ്പെടുത്തിയ ബൈബിൾ ഭാഗങ്ങൾ പല രൂപങ്ങളിൽ നീളേയുണ്ട്. ധ്വന്യാത്മകമായ സൂചനകളും പരാമർശങ്ങളും വിവരണങ്ങളും 'വ്യാഖ്യാനങ്ങളും'ഉണ്ട്. അവയാധാരമമാക്കി വിശ്വാസജന്യവും ധ്യാനോദ്ഭൂതങ്ങളുമായ ഉദ്ഘോഷണങ്ങളും പ്രഘോഷണങ്ങളും സ്തുതിപ്പുകളും അപേക്ഷകളുമുണ്ട്. സുറിയാനിസഭകളുടെ യാമപ്രാർഥനകൾ സുറിയാനിപിതാക്കന്മാരുടെ ബൈബിൾവ്യാഖ്യാനങ്ങൾ നിറഞ്ഞവയാണ്. ഈ സഭകളുടെ ആരാധനക്രമ പ്രാർഥനകളിൽ മുഴങ്ങുന്നത് അന്ത്യോക്യൻ ബൈബിൾവ്യാഖ്യാനശൈലിയാകുന്നു. ആദ്യകാല സുറിയാനിബൈബിൾവ്യാഖ്യാനരീതി അന്ത്യോക്യൻ ശൈലിതന്നാണ്. ഏതാണ്ടൊരു അതീത ദർശനത്തിന്റെ ('*തെയോറിയാ*'യുടെ) പ്രകാശത്തിലുള്ള വ്യാഖ്യാനം. വർത്തമാനത്തിൽ ഭാവിയെ ദർശിച്ചുള്ളത്. ബൈബിളിന്റെ പഴയനിയമപാഠഭാഗങ്ങളുടെ നേരർഥം (പ്രാഥമികാർഥം, ചരിത്രപരമായ അർഥം) പരിഗണിക്കെത്തതന്നെ പ്രവാചനാത്മകമായ അർഥംകൂടി കാണുന്ന വ്യാഖ്യാനരീതി. ഈ അർഥം വ്യാഖ്യാതാവിന്റെ സ്വന്തം സംഭാവനയല്ല. രചയിതാവ് മുന്നമേ ദർശിച്ചിരുന്നതും രചനയിൽ അന്തർഭവിപ്പിച്ചിരുന്നതുമാണ്. അത് വ്യാഖാതാവ് വെളിപ്പെടുത്തുന്നുവെന്നു മാത്രം. ചരിത്രപരവും ആധ്യാത്മികവുമായ അർഥങ്ങളുടെ സംയുക്തവായന (Schinichi Mutto, "Early Syriac Hermeneutics," *The Harp* XI-XII (1998 -1999), 43-65, 58). ഇപ്പറഞ്ഞ വ്യാഖ്യാനവഴിയുടെ പ്രമുഖ പ്രണേതാവാണ് മാർ അപ്രേം. അദ്ദേഹമാണല്ലോ ആദ്യകാല സുറിയാനി ബൈബിൾവ്യഖ്യാതാക്കളിൽ പ്രമുഖൻ. കൂടെ അഫ്രാത്തുമുണ്ട്. ബൈബിൾസംഭവങ്ങളുടെ ആരാധനക്രമസന്ദർഭത്തിലുള്ള പുനർവായനകൾ 'ശാസ്ത്രീയ' വ്യാഖ്യാനത്തിന്റെ ചട്ടവട്ടങ്ങളിൽ ഒതുങ്ങുന്നവയല്ല; ചരിത്രസംഭവങ്ങളുടെ വിശ്വാസദർശനം ഉച്ഛ്വസിക്കുന്ന ഉതിർമണികളാണ്.

ബൈബിൾസംഭവങ്ങളും ബൈബിൾവിവരണങ്ങളുടെ പുനരവതരണങ്ങളും യേശുക്രിസ്തുവിൽനിന്നും അപ്പോസ്തലന്മാരിൽനിന്നും പൗലോസിൽനിന്നും ലഭിച്ച വ്യാഖ്യാനമാതൃകകളും പ്രാർഥനാമാതൃകകളും പ്രാരംഭസഭകൾക്കുണ്ടായിരുന്നു. ലഭിച്ചവയൊക്കെയും ആദ്യനുറ്റാണ്ടുമുതലുള്ള ക്രൈസ്തവപിതൃപാരമ്പര്യങ്ങളുടെ വായ്മൊഴിയായും വരമൊഴിയായും സഭയ്ക്കു ലഭിച്ച വിശുദ്ധ സമ്പത്തായിരുന്നു. ഒക്കെയും സഭയുടെ പ്രാർഥനയുടെ കൂടാരത്തിലാക്കി നമുക്കുണ്ട്. അതിനുള്ളിൽ പ്രവേശിക്കുന്നവർക്ക് ഓരോ പ്രവേശനവും സഭയുടെ മരിയദർശനത്തിന്റെ പ്രകാശരശ്മികളിലൂടെ അവളെക്കുറിച്ചൊരു നവദർശനാനുഭവമാക്കാനും വകയുണ്ട്. അങ്ങനെ സഭയുടെ ആരാധനക്രമ പ്രാർഥനയാൽ ആരാധനക്രമത്തെത്തന്നെ ധന്യമാക്കാം. അർഥികൾക്കുതന്നെയും ഏദൻതോട്ടവും സീനായ്മലയും ഗോല്ഗോഥാമലയും ഒന്നാകുന്നിടത്തു നിന്നുകൊണ്ടു സ്വന്തമാക്കാവുന്ന ഒരമ്മക്കാഴ്ചയിൽ നിറമിഴികളോടെ നിവൃതിയടയുകയും ചെയ്യാം.

### സുറിയാനിസഭകളുടെയും സഭാംഗങ്ങളുടെയും സുറിയാനിസ്നേഹം

സുറിയാനിസഭകളുടെ ആരാധനക്രമത്തിന്റെ മൂലഭാഷയാണ് സുറിയാനി. ഈ ഭാഷയോട് സുറിയാനിസഭകൾക്ക് ജൈവികമായ അഭിനിവേശമുണ്ട്. നമ്മുടെ കർത്താവിന്റെ മാതൃഭാഷയായിരുന്ന അറമായ(ആരാമ്യ)ഭാഷയോട് സുറിയാനിക്കുള്ള ബന്ധംതന്നെ പ്രധാന കാരണം. അറമായക്ക് സിറിയാ പ്രദേശങ്ങളിലുണ്ടായ ഒരു മറുനാമമോ മറുരൂപമോ ആണ് സുറിയാനി. കൂടുതൽ കൃത്യമായി പറഞ്ഞാൽ, ക്രിസ്തീയ വിശ്വാസം സ്വീകരിച്ച അരമായക്കാരുടെ ഭാഷയായിരുന്ന പൗരസ്ത്യ അറമായയുടെ ഒരു വകഭേദമാണ് (ഉപഭാഷയാണ്) സുറിയാനി. ഈ ഭാഷ നമ്മുടെ കർത്താവിന്റെ സംസാരഭാഷാപാരമ്പര്യത്തിൽനിന്ന് ഉരുവപ്പെട്ടതാണ്. ആയതിനാൽക്കൂടിയാകാം, ആശയസമ്പന്നത സംവേദിക്കെത്തതന്നെ സംഗീതാത്മകമായി ഏറ്റവും ഹൃദ്യമാണ് സുറിയാനി. അതേ സമയം സാമാന്യജനത്തിന് ആലപിക്കാനാവുംവിധമുള്ളതുമാണ്. പണ്ഡിതർക്കും പാമരർക്കും സുസ്വീകാര്യമായിരുന്ന രീതികൾ. അന്ത്യോക്യൻ സുറിയാനി സഭകളുടെ ആരാധനാസംഗീതപാരമ്പര്യത്തിൽ *കൂക്കോയൊ* എന്ന് സഭാംഗങ്ങൾക്ക് സുപരിചിതമായൊരു രീതി ഉണ്ടല്ലോ (ഉദാ: "യജമാനൻ വരുമന്നേരത്ത്...").

*കൂക്കോയൊ* എന്ന വാക്കിനർഥം 'കുശവൻ' എന്നാണ്. സെറൂഗിലെ മാർ യാക്കോബിന്റെ (ക്രി. വ. 451 – 521) സമകാലികനായിരുന്നു ശെമഊൻ കൂക്കോയൊ എന്ന് അറിയപ്പെടുന്ന ദേഹം. ഇദ്ദേഹം പാത്രം മെനയാൻ (കുശവപ്പണി ചെയ്യാൻ) ചക്രം കറക്കിയപ്പോളുണ്ടായ ശബ്ദത്തിൽ തനിക്കു ശ്രവ്യമായ ദിവ്യസംഗീതരീതിയാണ് *കൂക്കോയൊ* എന്ന രീതി /മട്ട്. തുടർന്ന് പാത്രനിർമിതിക്കിടയിൽ അദ്ദേഹം തുകല്ചുരുളുകളിലും പലകകളിലും ക്രൈസ്തവ കവിതകളെഴുതി. ഇവയെക്കുറിച്ച് 508ൽ സെറൂഗിലെ മാർ യാക്കോബ് കേൾക്കാനിടയായി. അദ്ദേഹം ശെമഓൻ കൂക്കോയോയെ കൂട്ടിക്കൊണ്ടുപോയി കൂടുതലെഴുതാൻ പ്രചോദിപ്പിച്ചു. ഇന്നുള്ള കൂക്കോയൊമട്ടു പാട്ടുകളെല്ലാം ശെമഓൻ കൂക്കോയോയുടേതല്ലെന്നും അറിഞ്ഞിരിക്കാം. നമ്മുടെ നെല്പാടങ്ങളിൽ സ്ത്രീകൾ ശീലുകൾ പാടി പണി ചെയ്തിരുന്ന പാരമ്പര്യവുമോർമിക്കാം!

## സുറിയാനി സഭാപിതാക്കന്മാരുടെ പ്രാർഥനാരീതിയും വിശ്വാസപ്രബോധനരീതിയും

സുറിയാനി സഭാപിതാക്കന്മാരുടെ ഗാനങ്ങൾ ആഴമായ തിരുവചനധ്യാനത്തിന്റെയും സൂക്ഷ്മമായ സത്യവിശ്വാസക്കൈമാറ്റത്തിന്റെയും സത്യവിശ്വാസപ്രബോധനത്തിന്റെയും വായ്വഴികളും കൈവഴികളുമാണ്. മാർ അപ്രേമിന്റെ ഗാനങ്ങൾ അബദ്ധവിശ്വാസവ്യാപനത്തെ പ്രതിരോധിക്കുകയും സത്യവിശ്വാസത്തിൽ സാധാരണജനത്തെ സ്ഥിരീകരിക്കുകയും ചെയ്യാനുള്ള പ്രബോധനമാർഗംകൂടി ആയിരുന്നു. "ആരാധനാസംഗീതത്തിൽ സുറിയാനി സംഗീതം ഉന്നതമായ സ്ഥാനത്തു നില്ക്കുന്നു മണലാരണ്യങ്ങളിലും ഗുഹകളിലും ആശ്രമങ്ങളിലുമിരുന്ന് പ്രാർഥനയുടെയും ജാഗരണത്തിന്റെയും വെളിച്ചത്തിൽ ദൈവികമായി ലഭിച്ച ദൂതുകളെ പദ്യങ്ങളാക്കി മാറ്റിയ സുറിയാനി പിതാക്കന്മാരുടെ ആധ്യാത്മിക നിറവിന്റെ മകുടോദാഹരണങ്ങളാണ് സുറിയാനിപ്പാട്ടുകൾ. പാടുന്തോറും മാധുര്യമേറുന്ന മേന്മ ഇതിനുണ്ടെങ്കിൽ അതുതന്നെയാണ് ഇതിന്റെ സവിശേഷത." (ഫാദർ എം.പി.ജോർജ്, *സുറിയാനി സംഗീതം*, ദേവലോകം, കോട്ടയം – 38, 1993, 11. ബഹു. എം.പി.ജോർജ് അച്ചൻ സുറിയാനി സംഗീത വിദ്വാനാണ്. ഈ രംഗത്ത് അദ്ദേഹം മലങ്കരസഭകൾക്ക് അദ്വിതീയമായ അനുഗ്രഹമത്രേ). വിചാരങ്ങളുടെ ആഴം, വികാരങ്ങളുടെ തീവ്രതയും അഗാധതയും, രാഗശോഭയും വൈവിധ്യവും പൗരസ്ത്യ കവിതകളുടെ പൊതുസ്വഭാവമാണല്ലോ. ബൈബിളിലെ സങ്കീർത്തനങ്ങളിൽ തെളിയുന്നവ തന്നെ. ധ്യാനാത്മകതയും ആസ്വാദ്യതയുമേറുന്ന രുചിനിറവും ആധ്യാത്മിക സമ്പന്നതയുമുള്ളതാണ് സുറിയാനിസംഗീതം.

അന്ത്യോക്യൻ സുറിയാനി ആരാധനക്രമം സുറിയാനി ഗാനരൂപങ്ങളുടെയും ശൈലികളുടെയും വർണങ്ങളുടെയും മനോജ്ഞ സമ്മേളനമാണ്. അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിലെ പല ശുശ്രൂഷകളുടെയും ഗാനങ്ങളിൽ ചിലത് എട്ടു രാഗങ്ങളിൽ പാടാവുന്നവയാണ്. *ശ്ഹീമൊ* നമസ്കാരത്തിൽ സന്ധ്യ, സൂത്താറാ, പ്രഭാത നമസ്കാരങ്ങൾക്ക് എന്നും ഒരേ രീതിതന്നെ. രാത്രി, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നീ നമസ്കാരങ്ങൾക്ക് എട്ടു രാഗങ്ങളും പ്രയോജനപ്പെടുത്താം (ഫാദർ എം.പി.ജോർജ്, *സുറിയാനി സംഗീതം*, 35).

പതിനഞ്ചു രൂപങ്ങളിലുള്ള കവിതകളുണ്ട് സുറിയാനി ആരാധനക്രമത്തിൽ. *ശ്ഹീമൊ* നമസ്കാരത്തിൽ ഇപ്പറയുന്നവയുണ്ട്: (1) *മസ്മൂറാ* = സങ്കീർത്തനം, (2) *എക്ബോ* = ചരണം. *കോലൊയ്ക്ക്* ആമുഖമാണ്; *കോലൊ*യുടെ ആശയത്തിന്റെ സംക്ഷിപ്താവതരണം. *എക്ബൊ* കഴിഞ്ഞു *പ്രുമിയോൻ & സെദറാ*; തുടർന്ന് (3) *കോലൊ.* അതായത്, *എക്ബൊ – പ്രുമിയോൻ & സെദറാ – കൊലൊ* എന്ന ഘടന. *കോലൊ*കളിൽ പല പ്രമേയങ്ങൾ വിഷയമാകാം; ഉദാ: ദൈവമാതാവിനോട് / വിശുദ്ധരോട്, അപേക്ഷ, അനുതാപം, പരേതർ മുതലായവ. *കോലൊകൾ* കഴിഞ്ഞ് (3) *ബോവൂസാ* = അപേക്ഷ. (4) *മാനീതൊ* = ഏറ്റു പാട്ട് (സാധാരണയായി രണ്ടു ഗണമായി: ഉദാ: "മോറാനേശുമിശിഹാ," "കർത്താവേ, നിന്റെ കരുണയുടെ ചിറകുകളുടെ നിഴലിൻ കീഴിൽ" എന്നീ പ്രാർഥനകൾ. (5) *ഖുഖ്ലിയോൻ* (ചെറിയ ലുത്തിനിയാ ചാക്രികരൂപത്തിൽ). ഇവ അനുതാപത്തിന്റേതാകാം; പരിശുദ്ധ ദൈവമാതാവിനോടോ വിശുദ്ധരോടോ മധ്യ സ്ഥപ്രാർഥനകളാകാം. തിങ്കൾ സന്ധ്യ കുക്കിലിയോൻ അനുതാപത്തിന്റേതാണ്. കുക്കിലിയോനുതന്നെ പല കവിതാരൂപങ്ങളുൾപ്പെട്ട ഒരു പ്രത്യേക ചാക്രിക ഘടനയുണ്ട്. (6) *മാവുർബൊ*: വാക്കിന്റെ അർഥം മഹത്വീകരണഗാനം, സ്തോത്രാർപണം. ഉദാ: ലൂക്കാ 1,46–55ലെ പരിശുദ്ധ അമ്മയുടെ പാട്ട് രാത്രിപ്രാർഥനയിൽ *മാവുർബൊ* ആയി ആലപിക്കുന്നു. (7) ബോവൂസാ = അപേക്ഷ. തിങ്കൾ സന്ധ്യ മുതൽ ശനി ഒമ്പതാം മണി വരെയുള്ള *ശ്ഹീമൊ*നമസ്കാരത്തിൽ മാർ അപ്രേമിന്റെ പേരിലുള്ളവ പതിനൊന്നു പ്രാവശ്യവും, മാർ യാക്കോബിന്റെ പേരിലുള്ളവ ഇരുപത്തിയാറു

പ്രാവശ്യംവും, മാർ ബാലായിയുടെ പേരിലുള്ളവ പതിനാറു പ്രാവശ്യവും, അനാമികനായ ഒരു സുറിയാനി പിതാവിന്റേത് ഒരു പ്രാവശ്യവും ആലപിക്കുന്നു. (8) *ബോത്തെദ് മാവുർബൊ* (= മാവുർബൊത്തുടർച്ച (?) ഉദാ: തിങ്കൽ രാത്രി: ''ഹാ, നിൻ ഭാഗ്യം ദാവീദിൻ മകൾ...'') (9) *എനിയോനൊ* = വാക്യ,പ്രതിവാക്യക്രമീകരണം. അപേക്ഷകളും സങ്കീർത്തനവാക്യങ്ങളും ഉൾപ്പെട്ടത്. സുറിയാനി സഭയിൽ ബോവൂസാകളുടെ രചനയാരംഭിച്ചത് വിശുദ്ധ അപ്രേമാണ്.

### ദൈവമാതൃസ്മരണയുടെ വാരക്രമവും ദിനക്രമവും

ബുധനാഴ്ചയാണ് വാരക്രമത്തിൽ പരിശുദ്ധ അമ്മയുടെ ഓർമദിനം. പക്ഷേ, ''വായും നാക്കും വാക്കുമുള്ളവരെല്ലാം വാഴ്ത്തപ്പെട്ട മറിയമിന് അവളർഹിക്കുന്ന ഭാഗ്യം - സ്തീകളിൽ നീ അനുഗൃഹീതയെന്ന സ്തുതി - അർപ്പിച്ചുകൊണ്ടിരിക്കും.'' (*ശ്ഹീമൊ* തിങ്കൾ രാത്രി ഒന്നാം കൗമാ, കോലൊ -1) സഭയുടെ നമസ്കാരത്തിലാകട്ടെ എല്ലാ കാലങ്ങളിലും സമയങ്ങളിലും പലവുരു പരിശുദ്ധ അമ്മയുടെ അനുസ്മരണയും അവൾക്കു സ്തുതിയർപ്പിക്കലും അവളോട് മധ്യസ്ഥാർഥനയുമുണ്ട്. രാത്രി കൗമാകളെല്ലാം മുറപ്രകാരം നിവർത്തിക്കുമ്പോൾ ''കൃപ നിറഞ്ഞ മറിയമേ''യുമുള്ളതിനാൽ ദിന,യാമങ്ങളാകെയും പരിശുദ്ധ അമ്മയോടൊത്തായിരിക്കാം. അങ്ങനെ ദിവസം മുഴുവൻ - യാമങ്ങളും - പരിശുദ്ധ ദൈവമാതാവിന്റെ സാന്നിധ്യം അനുഭവിക്കാനുള്ള മഹാഭാഗ്യം! അവളുടെ ദൈവമാതൃത്വത്തിന്റെ നാനാമാനങ്ങൾ പ്രാർഥനയുടെയും ധ്യാനത്തിന്റെയും സ്തുതിപ്പിന്റെയും സത്യവിശ്വാസ സ്ഥിരീകരണത്തിന്റെയും സാക്ഷ്യത്തിന്റെയും വിഷയമാക്കാനുള്ള വിനാഴികകളുടെ വിശുദ്ധമായ തുടർവഴി! യേശുക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട രക്ഷാചരിത്രത്തിൽ അവൾക്കു ദൈവം നല്കിയതും അവൾ ദൈവഹിതാനുസാരം സർവാത്മനാ നല്കിയതുമായ സഹകരണത്തിന്റെ ആഴവും തുടർവഴിയും കൈവഴികളും! അവയിലേറെയും യാമനമസ്കാരം നിർവഹിക്കുന്ന സമൂഹത്തിനും വ്യക്തികൾക്കും അറിയുകയും അനുഭവിക്കുകയും ചെയ്യാം. ഒപ്പം, അവർക്കും, തങ്ങളോടും സമൂഹവും വ്യക്തികളുമെന്ന നിലയിൽ ദൈവം ആവശ്യപ്പെടുന്ന സഹകരണത്തിന്റെ നാനാമാനങ്ങളുടെ പുനർദർശനം ലഭിക്കാനും, ദൈവഹിതാനുസൃതമായ നിർവഹണത്തിന്റെ തിരുവഴികൾ അവളുടെ മാതൃകകളിൽ നിന്നു സ്വീകരിക്കാനും യാമനമസ്കാരം സുവർണാവസരമാകുന്നു. പ്രാർഥനാർഥികളോരോരുവർക്കും നല്കപ്പെടുന്നതനുസരിച്ചു സ്വീകരിക്കാനും അനുഗമിക്കാനും അനുകരിക്കാനും അകക്കാമ്പിനെ ഉറപ്പിക്കുന്ന ഉജ്വലനിമിഷങ്ങൾ! അവളുടെ മാധ്യസ്ഥം നീളേ അപേക്ഷിക്കാൻ സൗകര്യപ്രദവും സുന്ദരവുമായ പ്രാർഥനക്രമത്താൽ അനുഗൃഹീതരായ സഭയും വൈദിക, സന്യസ്ത സമൂഹങ്ങളും അംഗങ്ങളും! *ശ്ഹീമൊ* നമസ്കാരക്രമം വൈദിക, സന്യസ്തർ മാത്രമേ പ്രയോജനപ്പെടുത്താവൂ എന്ന ധാരണയോ നിയമമോ മലങ്കര സുറിയാനിസഭയ്ക്കില്ല. *ശ്ഹീമൊ* നമസ്കാരക്രമം പ്രാർഥിക്കുന്ന അത്മായരുമുണ്ടല്ലോ സഭയിൽ.

## യാമനമസ്കാരത്തിലെ മറിയാനുസ്മരണാനുഭവവിശകലനം

റവ. ഡോ. കുര്യൻ വാലുപറമ്പിൽ - റവ. സിസ്റ്റർ ശുഭാ ജോർജ് ഡി.എം.

യാമനമസ്കാരത്തിലെ മറിയാനുസ്മരണയുടെ ശാസ്ത്രീയമായൊരു അവതരണത്തിലേക്കു കടക്കുകയാണ് നാം. വിഷയാവതരണത്തിന്റെ ഹൃദയമായ കേന്ദ്രപ്രമേയം, അതിന്റെ വിശദീകരണത്തിനു സഹായകങ്ങളായ ഉപപ്രമേയങ്ങളും അവയുടെ ക്രമവും (അവതരണഘടന) റവ. സിസ്റ്റർ ശുഭാ തെരേസ് ഡി.എം. റോമിലിലെ റജീനാ മുന്തി ദൈവശാസ്ത്രകലാശാലയിൽ സമർപ്പിച്ച പ്രബന്ധമനുസരിച്ചുള്ളതാണ്. മരിയശാസ്ത്രപരമായ വിശകലനത്തിനും വളരെയേറെ സഹായകമായിട്ടുണ്ട്.

### I. രക്ഷാകര ചരിത്രത്തിൽ മറിയമിന്റെ പങ്ക്

കാരുണ്യവാനായ ദൈവം യേശുക്രിസ്തുവിൽ രക്ഷാകരചരിത്രം പൂർത്തിയാക്കുകയും രക്ഷാകര രഹസ്യം പൂർണമായി വെളിപ്പെടുത്തുകയും ചെയ്തുവെന്നു ക്രൈസ്തവർ വിശ്വസിക്കുന്നു. ദൈവം ലോകത്ത് നിറവേറ്റിയ രക്ഷാകരചരിത്രത്തിൽ സംഭവിച്ച രക്ഷാകരരഹസ്യവെളിപാടിൽ യേശുക്രിസ്തുവിനുള്ള പ്രാഥമ്യത്തിന്റെ പരിപ്രേക്ഷത്തിലാണ് സഭ പ്രസ്തുത ചരിത്രത്തിലും വെളിപാടിലും മറിയമിന്റെ പങ്ക് പ്രാർഥനാവിഷയമാക്കുന്നതും ധ്യാന,വിചിന്തനങ്ങൾ ചെയ്യുന്നതും. കാരണം യേശുക്രിസ്തുവും അവളും തമ്മിലുള്ള നിസ്തുല ബന്ധം തന്നെ. ഈ രക്ഷാകര ചരിത്രത്തിലും രക്ഷാകരഹസ്യത്തിന്റെ വെളിപാടിലും ദൈവം മറിയമിനെ അനന്യമായ വിധം സഹകരിപ്പിച്ചു. പിതാവായ ദൈവം മറിയമിനെ വിളിച്ചു. സഭ ''മറിയത്തെ വിളിച്ചോനാം താതന്നായ് നിത്യസ്തോത്രം'' അർപ്പിക്കുന്നു. (*ശ്ഹീമൊ* നമസ്കാരം - 2, ശനി രാത്രി

നാലാം കൗമാ, മാർ യാക്കോബിന്റെ ബോവൂസാ).

### ആരാധനക്രവർഷക്രമവും മരിയസ്മരണയും

രക്ഷാകരസംഭവങ്ങളുടെ അനുസ്മരണ ഒരു ആരാധനക്രമവർഷംകൊണ്ട് ഒരാവർത്തി ആഘോഷിക്കുന്ന ചാക്രിക ക്രമമാണ് സഭയുടെ ആരാധനക്രമപരമായ പ്രാർഥനക്രമത്തിന്റേതെന്ന് ആരംഭത്തിലെ പൊതു ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. *കൂദോശ് ഈത്തൊ* (സഭയുടെ വിശുദ്ധീകരണ) ഞായറിൽ ആരാധനക്രമവർഷം ആരംഭിക്കുന്നു. അന്നുതന്നെ പരിശുദ്ധ ദൈവമാതാവിനോടുള്ള വചനിപ്പുപെരുന്നാളും ആഘോഷിക്കുന്നു. ദൈവപുത്രനും രക്ഷകനുമായവൻ കന്യകയായ മറിയമിൽനിന്നു ജനിക്കുമെന്നുള്ള ദൈവചനം അവൾക്കു നല്കപ്പെടുകയും ആ വചനിപ്പാൽത്തന്നെ അവൾ അവനെ ഗർഭം ധരിക്കുകയും ചെയ്ത സംഭവത്തിന്റെ ഓർമ. ഈ ക്രമീകരണം ക്രിസ്തുകേന്ദ്രീകൃതമായി രക്ഷാകരസംഭവങ്ങളുടെ അനുസ്മരണ ആഘോഷിക്കുന്നതിന്റെ വാർഷികഘടനയനുസരിച്ചുള്ളതാണ്. ക്രിസ്തുകേന്ദ്രീകൃതമായ രക്ഷാകരസംഭവങ്ങളുടെ സമൂർത്തമായ വെളിപ്പെടലിന്റെ, ഈലോകത്തുണ്ടായ ആദ്യസംഭവം യേശുവിന്റെ ജനനത്തെക്കുറിച്ച് ഗലീലായിലെ നസറത്തിൽ മറിയമിനു ഗബ്രിയേൽ മാലാഖ നല്കിയ ജനനയറിയിപ്പ് (വചനിപ്പ്) ആകുന്നു.

രക്ഷാചരിത്രത്തിന്റെ ആരംഭംമുതൽ ദൈവം മനുഷ്യരുടെ സഹകരണം ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. മറിയമിൽനിന്നല്ലാതെ മറ്റാരിൽനിന്നും ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരു സഹകരണം ദൈവം അവളിൽനിന്ന് ആവശ്യപ്പെട്ടു; അവളത് ദൈവഹിതാനുസൃതം നല്കി. "ഇതാ, കർത്താവിന്റെ ദാസി; അവിടുത്തെ ഹിതംപോലെ എനിക്കു സംഭവിക്കട്ടെ!" (ലൂക്കാ 1,38). അവൾ നിറവേറ്റിയ പ്രഥമവും മുഖ്യവും അടിസ്ഥാനപരവുമായ സഹകരണം അവളുടെ ദൈവമാതൃത്വമത്രേ. "സർവതിന്റെയും രക്ഷകനായ മിശിഹാരാജാവിനെ പ്രസവിച്ച കന്യകയായ ദൈവമാതാവാണവൾ." (*ശ്ഹീമൊ*, തിങ്കൾ സന്ധ്യ എത്രോയുടെ *കോലൊ*. പേജ് 13). ഇതാണ് അവൾക്കു ദൈവം നല്കിയ ദൗത്യത്തിന്റെ കാതൽ. അതേ, കർത്താവും രക്ഷകനും ദൈവംതന്നായ ദൈവപുത്രനുമായവനെ ദൈവത്തിൽനിന്നു സ്വീകരിച്ചു മനുഷ്യവംശത്തിനു ലോകത്തിൽ ഒരു മനുഷ്യനായി നല്കി. അവളിൽനിന്നാണ് ദൈവകരുണ മനുഷ്യമുഖം സ്വീകരിച്ചത്. ഈ രക്ഷാകര സംഭവം സഭയുടെ പ്രാർഥനയുടെ മുഖ്യവും നിരന്തരവുമായ ഒരു വിഷയമാണ്. അത്, ബൈബിളിലും പ്രപഞ്ചത്തിലും ലഭ്യമായിട്ടുള്ള ഒട്ടേറെ ബിംബങ്ങളിൽ അവളുടെ പ്രതിരൂപം ദർശിച്ചുകൊണ്ട് സഭ ധ്യാനപൂർണമായ പ്രാർഥനയുടെ വിവിധ രൂപങ്ങളിൽ ആവിഷ്കരിക്കുന്നു. മറിയമിന്റെ പ്രതിരൂപസ മൃദ്ധിതന്നെ സുറിയാനിസഭാപിതാക്കന്മാർ തിരുഗ്രന്ഥത്തിൽ ദർശിക്കുന്നു. ഉദാഹരണത്തിന്, *ശ്ഹീമൊ* നമസ്കാരം ബുധൻ സന്ധ്യയുടെ ഖുഖ്‌ലിയോൻ-എക്ബൊയ്ക്കു ശേഷമുള്ള *കോലൊ*യിൽ ഒരു ഭാഗം:

പാവന മാതാ തൻ രൂപം നിയമങ്ങളിലും
പ്രവചനമതിലും കാട്ടിയൊരിൽ ശ്രേഷ്ഠൻ നിബി മൂശ
നിയമപ്പേടകമതിനാലും മന്നാച്ചെപ്പാൽ
ക്ദുശ്കുദ്ശോനിൽ തളിരിട്ടോരഹറോൻ വടിയാലും

നിയമപ്പേടകമതിനാലും മന്നാച്ചെപ്പാൽ (പുറ 25,21;16,33; ഹെബ്രാ 9,3-5;ബുധൻ സന്ധ്യ -1, എക്ബൊയ്ക്കു ശേഷമുള്ള കോലൊ പേജ് 154)

ക്ദുശ്കുദ്ശോനിൽ തളിരിട്ടോരഹറോൻ വടിയാലും (സംഖ്യ 17,6-9 (*ശ്ഹീമൊ* ബുധൻ സന്ധ്യ -1, എക്ബൊയ്ക്കു ശേഷമുള്ള കോലൊ പേജ് 154)

ഏലിശാ തൻ നവ കുംഭത്താൽ (2 രാജാ 2,19-22; *ശ്ഹീമൊ* ബുധൻ സന്ധ്യ -1, എക്ബൊയ്ക്കു ശേഷമുള്ള കോലൊ പേജ് 154)

ഏശായാ വേഗമെഴും മുകിലാൽ (ഏശ 19,1); *ശ്ഹീമൊ* ചൊവ്വാ പ്രഭാതം ഒന്നാം കോലൊ; ബുധൻ സന്ധ്യ -1, എക്ബൊയ്ക്കു ശേഷമുള്ള കോലൊ പേജ് 154)

ഗിദയോൻ മഞ്ഞു പതിഞ്ഞൊരു രോമക്കെട്ടാലും കാട്ടി. (ന്യായാ 6,36-38: ബുധൻ സന്ധ്യ -1, എക്ബൊയ്ക്കു ശേഷമുള്ള കോലൊ പേജ് 154)

മോശ മുൾച്ചെടിയാൽ (പുറ 3,1-3) (ചൊവ്വാ രാത്രി ഒന്നാം കൗമാ *കോലൊ*)

സർവതിന്റെയും നായകനായ കപ്പിത്താനെ വഹിക്കുകയും താലോലിച്ചാദരിക്കുകയും മഹാ പടവ്, (*ശ്ഹീമൊ* തിങ്കൾ സന്ധ്യ ഒന്നാം കോലൊ),

ഭൂവാനങ്ങളെ വഹിക്കുന്ന ശക്തിയെ വഹിച്ചവൾ (*ശ്ഹീമൊ* തിങ്കൾ സന്ധ്യ എത്രൊയുടെ കോലൊ) ദാവീദുസുതയെ ഹെസെക്കിയേൽ പ്രവചനമിഴിയാൽ ദർശിച്ചു. പ്രവാസപുത്രനം കന്യകയുടെ മഹത് രൂപം കർത്താവ് കാട്ടിക്കൊടുത്തു (ഹെസെക്കി 44,1-2; ശ്ഹീമൊ ചൊവ്വാ പ്രഭാതം രണ്ടാം കോലൊ)

എസക്കിയേൽദർശനത്തിലെ രഥം; എസക്കിയേൽദർശനത്തിലെ രഥത്തെക്കാൾ ശ്രേഷ്ഠതയുള്ളവൾ (*ശ്ഹീമൊ* ബുധൻ രാത്രി ഒന്നാം കൗമാ കോലൊ),

ആമോദക്കതിരുകൾ വിളവായുള്ള ധന്യമായ വയൽ (*ശ്ഹീമൊ* തിങ്കൾ രാത്രി ഒന്നാം കൗമാ കോലൊ),

രണ്ടാം സ്വർഗം(*ശ്ഹീമൊ* തിങ്കൾ രാത്രി ഒന്നാം കൗമാ കോലൊ),

സീനായ്മലയിലെ കത്തുന്ന മുൾച്ചെടി (പുറ 3,1-5; *ശ്ഹീമൊ* ചൊവ്വാ രാത്രി ഒന്നാം കൗമാ)

അടച്ച വാതിൽ (എസക്കി 44,1-2 : *ശ്ഹീമൊ* ചൊവ്വാ രാത്രി ഒന്നാം കൗമാ)

വേഗമേറിയ മേഘം (*ശ്ഹീമൊ* ചൊവ്വാ പ്രഭാതം ഒന്നാം കോലൊ ഏശ 19,1-2: അടിമത്തത്തിൽ കഴിയുന്ന ദൈവജനത്തെ സ്വതന്ത്രരാക്കാൻ അടിമത്തരാജ്യത്തേക്ക് കർത്താവ് വേഗം വരുന്ന ഉന്നത വാഹനം)

പിതാവിന്റെ ശ്ലോമൊ, അഗ്നിമയന്മാരുടെ വായിൽ തിങ്ങുന്ന ശ്ലോമൊ ഗബ്രിയേൽവഴി മറിയാമിനു നല്കപ്പെട്ടു (*ശ്ഹീമൊ* ചൊവ്വാ പ്രഭാതം രണ്ടാം കോലൊ)

ദാവീദുപുത്രിയായ മറിയമിനെ വിപ്രവാസപുത്രനായ ഹെസെക്കിയേൽ  പ്രവചനമിഴിയാൽ കണ്ടു. കന്യകയുടെ മഹത്രൂപം ദൈവം കാട്ടിക്കൊടുത്തു. അവൻ അദ്ഭുതപൂർവം അതു ദർശിച്ചു.

ഈലോകപാതയിൽ പ്രകാശം പരത്തിയ ആവരണം, , ,

മഹാ പടവ്: പിതാവിന്റെ സൗഭാഗ്യനിധികൾ സംവഹിക്കുന്ന പടവ് (*ശ്ഹീമൊ* ചൊവ്വാ രാത്രി ഒന്നാം കൗമാ, കോലൊ),

വാഴ്ത്തപ്പെട്ട കന്യക (ലൂക്കാ 1,28 -42 : *ശ്ഹീമൊ* ചൊവ്വാ രാത്രി ഒന്നാം കൗമാ)

ആരിവൾ കന്യക ... (ഉ.ഗീ. 6,10: ഉഷസ്സുപോലെ ശോഭിക്കുന്നവളും ചന്ദ്രനെപ്പോലെ കാന്തിമതിയും സൂര്യനെപ്പോലെ തേജസ്വിനിയും കൊടിക്കൂറകളേന്തുന്ന സൈന്യത്തെപ്പോലെ ദയാശീലയും)

കൂടുതൽ പ്രതിരൂപങ്ങളുടെ പട്ടിക പാടാൻ അവസരമാകുന്ന പ്രാർഥനാഭാഗങ്ങളുമുണ്ട്.

i. തെരഞ്ഞെടുപ്പും രക്ഷയും

താൻ നിറവേറ്റുന്ന രക്ഷാകരചരിത്രത്തിൽ അനന്യമാംവിധം സഹകരിക്കാൻ ദൈവം മറിയമിനെ തെരഞ്ഞെടുത്തു. ഈ തെരഞ്ഞെടുപ്പും രക്ഷാകരചരിത്രത്തിൽ അവൾ നല്കിയ സഹകരണവും പ്രാർഥനാരൂപങ്ങളിൽ ആവിഷ്കരിക്കുന്ന പലവിധ ബിംബങ്ങളും പ്രതിരൂപങ്ങളും യാമനമസ്കാരങ്ങളിലുണ്ട്.

എ) നവ ഹവ്വാ

"അമ്മാനുയേലിനെ പ്രസവിച്ച ഹവ്വാ നീയേ." സഭ മറിയമിനെ പ്രാർഥനയിൽ പ്രകീർത്തിക്കുന്നു. (*ശ്ഹീമൊ* നമസ്കാരം - II, വ്യാഴം രാത്രി ഒന്നാം കൗമ്മാ, മാർ യാക്കോബിന്റെ ബോവൂസാ) "നമ്മുടെ ആദിമാതാപിതാക്കന്മാരോട് തോട്ടത്തിലെ അവരുടെ വീഴ്ചയ്ക്കുശേഷം സർപ്പത്തിന്മേൽ വിജയം വാഗദാനം ചെയ്യപ്പെട്ട സ്ത്രീയാണവൾ." (ഡിസംബർ 8 ദൈവമാതാവിന്റെ ഗർഭധാരണപ്പെരുന്നാൾ, രാത്രി രണ്ടാം കൗമ്മാ, സെദറാ, ആചാര്യ, II, 355) "ഏദൻതോട്ടം നിർമിച്ചവനെ പ്രസവിച്ചവളാണ് മറിയം. അവളിൽനിന്നു മനുഷ്യനായി പിറന്ന രാജസുതൻ, രാജത്വത്തിന് അവസാനമില്ലാത്തവൻ, ... നിബിയന്മാരെയും ശ്ലീഹന്മാരെയും അവസാനം കള്ളനെയും വിളിച്ചു താക്കോലും നല്കി ഏദനിൽ പ്രവേശിപ്പിച്ചു." (*ശ്ഹീമൊ* നമസ്കാരം - I, വ്യാഴം പ്രഭാതം, കോലൊ) പഴയ ഉടമ്പടിയിൽ ഹവ്വാ തിന്മയായവനാൽ ആനീതയായി. പുതിയതിൽ മറിയമിന്റെ സന്തതി ശത്രുവിനെ തോല്പിക്കുകയും അവളുടെ ആത്മീയ മക്കൾക്ക് വിജയം നല്കുകയും ചെയ്യുന്നു.(ഡിസംബർ 8 ദൈവമാതാവിന്റെ ഗർഭധാരണപ്പെരുന്നാൾ, രാത്രി രണ്ടാം കൗമ്മാ, കോലൊ, ആചാര്യ, II, 356) "അങ്ങനെ, നമ്മുടെ ആദിമാതാപിതാക്കന്മാരെ പരാജയപ്പെടുത്തിയ ശത്രുവിനെ പരാജയപ്പെടുത്താൻ  അവളും വഴിയായി;" (അതേ കൃതി, 352.) "നമ്മുടെ അമ്മ ഹവ്വാ എഴുതിയ വൃത്താന്തം അവൾ (മറിയം) റദ്ദാക്കുകയും ചെയ്തു." (മറിയം ഏലിസബേത്തിനെ സന്ദർശിച്ചതിന്റെ ഓർമ, സന്ധ്യ, *എനിയോനൊ*, ആചാര്യ, II, 63) "പ്രവാചകന്മാരുടെ സകല പ്രതീക്ഷകളും, ദർശകൻ പ്രവചിച്ച എല്ലാ പ്രതീകങ്ങളും അടയാളങ്ങളും പൂർത്തീകരിക്കുന്നവനെ മറിയം സ്വീകരിച്ചപ്പോൾ അവളിൽ നിയമം തന്റെ അന്ത്യം കണ്ടു." (ദൈവമാതാവായ മറിയമിന്റെ ജനനപ്പെരുന്നാൾ, രാത്രി നാലാ യാമം ബോവൂസാ ആചാര്യ, 4, 673: ശുഭ 41, ന 2). "പരിശുദ്ധ ദൈവമാതാവേ, നീ വാഴ്ത്തപ്പെട്ടവളാകുന്നു. എന്തെന്നാൽ, പ്രവാചകന്മാരുടെ രഹസ്യങ്ങളെല്ലാം നിന്നിൽ നിറവേറിയിരിക്കുന്നു." (വചനിപ്പുകാലം, സന്ധ്യ, കോലൊ,

ആചാര്യ, II, 310). ശ്ഹീമൊ നമസ്കാരം ചൊവ്വാ രാത്രി, ഒന്നാം കൗമായിൽ മാർ യാക്കോബിന്റെ ബോവൂസാ ആലപിച്ച് സഭ മറിയമിനെ പുകഴ്ത്തുന്നു: "ഈലോകവംശജയായ ഈ കന്യക ആരാണ്? സൃഷ്ടിയുടെമേലുള്ള ഇരുളിന്റെ വാഴ്ച മായ്ച്ചുകളഞ്ഞവൾ ആരാണ്? പകൽപോലെ പ്രശോഭിക്കുന്ന വാഗ്ശോഭയുള്ള അധരം വാക്കുകൾ മൊഴിയുമ്പോൾ ലോകപാതയിൽ പ്രകാശം ചൊരിയുന്ന ആവരണമാണു നീ."

മറിയം സമ്മതം നല്കി: "രക്ഷാകരമായ മനുഷ്യവതാരത്തിനു മറിയം തന്റെ സമ്മതം നല്കി. ദൈവത്തിന്റെ മാതാവാകാൻ നീ അറിയിച്ചതുപോലെ എനിക്കു സംഭവിക്കട്ടെ. വചനിപ്പുദിവസം സാനന്ദം മറിയം മാലാഖയ്ക്കു മറുപടിയേകി." (ഡിസംബർ 1-23 വചനിപ്പുകാലം, തിങ്കൾ രാത്രി ഒന്നാം യാമം, കോലൊ, ആചാര്യ, II, 270). "അവൾ ദൈവമാതൃത്വം സ്വീകരിച്ചതിനാൽ ദൈവവും മനുഷ്യനും തമ്മിലുള്ള ശത്രുതയുടെ പുരാതന ഭിത്തി തകരാനാരംഭിച്ചു." (ഡിസംബർ 1-23 വചനിപ്പുകാലം, ശനി സന്ധ്യ, സെദറാ, ആചാര്യ, II, 319). "ദൈവത്തിനു മാതാവാകാൻ യോഗ്യയായ ദാവീദുപുത്രീ, മറിയമേ, നിനക്കു ഭാഗ്യം. ആദമിനെയും അവന്റെ സന്തതികളായ സകലരെയും രക്ഷിക്കുകയും സ്വതന്ത്രരാക്കുകയും ചെയ്തവൻ നിന്നിൽനിന്നു ശരീരിയായിത്തീർന്നു." (*ശ്ഹീമൊ* നമസ്കാരം, തിങ്കൾ രാത്രി മാവുർബൊ) "ബാലികയുടെ കാതിലൂടെ പ്രവേശിച്ച നിത്യനായ വചനം ആദാംഭവനത്തിന്റെ പുരാതന മുറിവ് സൗഖ്യമാക്കി." (ദൈവമാതാവിനോടുള്ള വചനിപ്പുപെരുന്നാൾ, രാത്രി ഒന്നാം കൗമാ, സെദറാ, ആചാര്യ, II, 58) "അതിനാൽ, അവൾ വഴി ആദാമിന്റെ കടം വീടി." (ആചാര്യ, I, 54) വീണുപോയവരും പിതാവിന്റെ ഭവനത്തിൽനിന്നു പുറന്തള്ളപ്പെട്ടവരുമായവർ അവൾവഴി പൂർവസ്ഥിതിയിലാക്കപ്പെട്ടു; (ഡിസംബർ 26ന്റെ ദൈവമാതൃസ്തവം, സന്ധ്യാനമസ്കാരം, കോലൊ, ആചാര്യ, II, 405); പരദേശികളാക്കപ്പെട്ട മക്കൾ പറുദീസായിലേക്കു പുനഃസ്ഥാപിതരായി. (ഡിസംബർ 26ന്റെ ദൈവമാതൃസ്തവം, രാത്രി നാലാം കൗമാ, ബോവൂസാ, ആചാര്യ, II, 413) മറിയം ഭൂമി മുഴുവന്റെയും രക്ഷയ്ക്കു ഹേതുവാണ്. അവളുടെ ദേവാലയപ്രവേശനപ്പെരുന്നാളിന്റെ (നവംബർ 21) സന്ധ്യാനമസ്കാരത്തിന്റെ സെദറായിൽ സഭ പ്രാർഥിക്കുന്നു: "നിർമലയും അകളങ്കിതയുമായ കന്യകയേ, നിന്റെ ശുദ്ധവും കന്യകവുമായ ഗർഭപാത്രത്തിൽ ദൈവം മാംസമെടുത്തപ്പോൾ ദൈവം പ്രത്യക്ഷപ്പെടാൻ ഇടയാക്കിയവളേ, ദൈവത്തിന്റെ കന്യകമാതാവേ, നീ ഭൂമി മുഴുവന്റെയും രക്ഷയ്ക്കു ഹേതുവായതിനാൽ വീണ്ടെടുക്കപ്പെട്ട വിശ്വാസികൾക്കിടയിൽ നിന്റെ പ്രശസ്തി 'കൃപാപൂരിതേ' എന്ന് നിന്നെ അഭിവന്ദിച്ച വാനവദൂതഗണങ്ങളുടെ നേതാവായ ഗബ്രിയേലിനുതുല്യം ഉന്നതമാകുന്നു." (ആചാര്യ, II, 251).

ആദിയേദനിലെ ഹവ്വായുടെ പുതിയ പതിപ്പായി, പുതിയ ഹവ്വായെന്ന്, യേശുവിന്റെ അമ്മ മറിയാമിനെ ദർശിക്കുന്ന ക്രൈസ്തവപാരമ്പര്യം ആരംഭനൂറ്റാണ്ടുകളിൽത്തന്നെ ഉണ്ടായിരുന്നു. ഇതിന് ഇറെനെയൂസിന്റെ (+ 200) സാക്ഷ്യമുണ്ട്: കർത്താവ് മനുഷ്യരൂപമെടുത്തു വന്നത് നഷ്ടപ്പെട്ടതു മനുഷ്യനായിരുന്നതുകൊണ്ടാണ് എന്നു വ്യക്തമാക്കിയിട്ട് ഹവ്വായും മറിയവും തമ്മിലുള്ള സാമ്യത്തെക്കുറിച്ച് ഇറെനെയൂസ് എഴുതുന്നു: "ആദത്തിന്റെ വംശാവലിയിൽപ്പെട്ടവളുടേതുപോലെ തന്റെ രൂപമെടുത്തു. എന്തുകൊണ്ടെന്നാൽ, മർത്യത അമർത്യതയിലും ഹവ്വാ മറിയമിലും അലിഞ്ഞുചേരാനും ഒരു കന്യക മറ്റൊരു കന്യകയുടെ മധ്യസ്ഥയായിരിക്കാനും കന്യകയുടെ അനുസരണക്കേട് കന്യകയുടെ അനുസരണയിലൂടെ നീക്കി നശിപ്പിക്കാനുമായി, ക്രിസ്തുവിൽ ആദം അവശ്യം നവീകരിക്കപ്പെടേണ്ടിയിരുന്നു." (ജി.ചേടിയത്ത്, *അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്*, കോട്ടയം, 2003, 32). മറിയം - ഹവ്വാമാരെ രൂപ - പ്രതിരൂപങ്ങളായി വ്യാഖ്യാനിക്കുന്ന സുറിയാനി പാമ്പര്യത്തിന് മാർ അപ്രേം (+ 373) വിശാലമായ വഴി തുറന്നു. അദ്ദേഹത്തിന്റെ പല മറിയകീർത്തനങ്ങളിലും വ്യക്തമാണ്. ഉദാഹരണത്തിന് ഒരു കീർത്തനത്തിൽനിന്ന്: (*പാന*)

തിക്തമാം ഫലം ഹവ്വ പറിച്ചെങ്കിൽ
മർത്യനേകി മധുരക്കനിയിവൾ.
മേരിതൻ ഫലം സ്വീകരിച്ചാനന്ദ-
പൂരിതരായി പാരിടമൊക്കെയും.

പറുദീസാതൻ മദ്ധ്യേ നിഗൂഢമായ്
മരുവീടിന ജീവന്റെ മാമരം
മറിയമിൽ വളർന്നഖിലർക്കുമായ്
ചൊരിയുന്നു സുരക്ഷാഫലങ്ങളെ.

മഹത്വത്തിൻ നിലയങ്കി നെയ്തിവൾ
മടിയറ്റേകി ആദിപിതാക്കൾക്കായ്
മരങ്ങൾക്കുള്ളിൽ നഗ്നശരീരങ്ങളായ്
മരുവുമ്പോളവരെയുടുപ്പിച്ചു.

പത്നി വീഴ്ത്തിയൊരാദത്തെയിന്നിതാ
പുത്രി താങ്ങിയുയർത്തി നിറുത്തുന്നു.
മേരി നല്കും ബലിഷ്ഠമാം താങ്ങിനാൽ
ധീരത പൂണ്ടെഴുന്നേറ്റു മാനവൻ.

ദന്ദശുകവും ഹവ്വായുമൊന്നിച്ചു
വൻ കുഴി കുഴിച്ചാദത്തെ വീഴിച്ചു.
എങ്കിലുമതിൽനിന്നു കരേറ്റുവാൻ
തൻ കുമാരനൊത്തെത്തി രാജാംഗന.

കന്യകാമുദ്ര പേറുന്ന മുന്തിരി
ധന്യമാം ഫലസഞ്ചയം നല്കുന്നു.
ആ ഫലത്തിൽനിന്നുള്ള മധുരമാ-
മാസവം ദുഃഖിതർക്കൊരാശ്വാസമായ്.

വിലപിച്ചു തളർന്നൊരാദത്തിനും
ദയിതയ്ക്കുമീയാസവമൗഷധം.
അതു സേവിച്ചു രോഗം ശമിക്കയാൽ
അമിതാശ്വാസമാർന്നാദിമാനവർ. (*മാർ അപ്രേമിന്റെ മരിയകീർത്തനങ്ങൾ*, വിവ: മാത്യു ഉലകംതറ, സെന്റ് എഫ്രേം എക്യുമേനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,, ബേക്കർ ഹിൽ, കോട്ടയം, കേരളം, ഇൻഡ്യ, 1999, 22–23).

ഈ മരിയദർശനം സുറിയാനി സഭയുടെ പ്രാർഥനയുടെ പ്രാമാണ്യമേറിയ ഒരു വിചാര,വികാര വായ്പായി.

ദൈവമാതാവിന്റെ ഗർഭധാരണത്തിരുനാൾ ഡിസംബർ 8-ന് ആഘോഷിക്കുന്നു. രാത്രി രണ്ടാം കൗമായുടെ സെദറായിൽ സഭ പ്രാർഥിക്കുന്നു: ദൈവമായ കർത്താവേ, നിന്റെ ജ്ഞാനത്തെയും പരമ നന്മയെയും ഞങ്ങൾ പുകഴ്ത്തുന്നു .. പൂർവകാലങ്ങളിൽ പ്രവാചകന്മാർ രക്ഷാകരവ്യാപാര ത്തിൽ ആരുടെ ദൗത്യം ഇമേജുകളിലും രഹസ്യാത്മക മൊഴികളിലും ചിത്രീകരിച്ചുവോ ... ആ മറിയമിനെ, സകല പാപക്കറകളിൽനിന്നും സ്വതന്ത്രയായ, ആ സമ്പൂർണ വിശുദ്ധയെ, ഞങ്ങൾ സ്തുതിക്കുന്നു. പുതിയ സൃഷ്ടി ആരിലാണോ അവനു മാംസം നല്കാനായി ജീവന്റെ മാതാവായ പുതിയ ഹവ്വായാകാൻ പരിശുദ്ധാത്മാവ് രൂപവത്കരിച്ചവളെ ഞങ്ങൾ സ്തുതിക്കുന്നു. (ഡിസംബർ 8 മാതാവിന്റെ ഗർഭധാരണത്തിരുനാൾ രാത്രി രണ്ടാം കൗമാ, സെദറാ, ആചാര്യ വാല്യം 11, പേജ് 355).

''ഹവ്വായുടെ ശാപത്തിൽനിന്നു നമ്മെ രക്ഷിക്കാനും രക്ഷയ്ക്കുപായമാക്കാനും'' ലോകസ്ഥാപന ത്തിനു മുമ്പേ മറിയമിനെ ദാവീദുഭവനത്തിൽനിന്നു തെരഞ്ഞെടുത്ത നിത്യപിതാവിനെ സഭ സ്തുതിക്കുന്നു. (ആചാര്യ വാല്യം 1, 346....). ''ധന്യയായ മറിയം മഹിമയോടെ ഏദൻ പൂകിയ നല്ദിവസം ഓർമിക്കപ്പെടും.'' (ശ്ഹീമൊ, വെള്ളി പ്രഭാതം, കോലൊ). ''അമ്മാനുയേലിനെ പ്രസവിച്ച ഹവ്വാ''യാണ് മറിയം (ശ്ഹീമൊ, മാർ യാക്കോ ബോവൂസാ, വ്യാഴം രാത്രി ഒന്നാം കൗമാ). ''ആദിമാതാവിന്റെ ശാപം നിർമൂലനം ചെയ്ത് രക്ഷകനെ ഞങ്ങൾക്കു സമ്പാദിച്ചുതന്നതിനാൽ നിനക്കു ഭാഗ്യം. നിന്റെ പ്രാർഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ.'' (ശ്ഹീമൊ, ചൊവ്വ, രാത്രി കൗമ്മാ 1, *കോലൊ*, പുറം 119). ശ്ഹീമൊ ബുധൻ മൂന്നാം മണിയുടെ *കോലൊ*യിൽ സഭ പാടിപ്പുകഴ്ത്തുന്നു:

തരുനിരയിൽ സർപ്പം രോഷാൽ
മനുജനെ നിഹനിപ്പാൻ വീഴ്ത്തിയ വിഷമതു നിന്നാൽ
മധുരമതായ് മാറി;
വിൺവൃഷ്ടിയെ നീ കൈക്കൊണ്ടു

മോദത്തിൻ നീർച്ചാലൊഴുകി - ഹാലേലുയ്യാ
സൃഷ്ടിയെ നിറവാക്കി.

ആദിയിലെ ഏദനിലെ ഹവ്വായുടെ പുതിയ പതിപ്പായി, പുതിയ ഹവ്വായെന്ന്, യേശുവിന്റെ അമ്മ മറിയാമിനെ ദർശിക്കുന്ന ക്രൈസ്തവപാരമ്പര്യം ആരംഭനൂറ്റാണ്ടുകളിൽത്തന്നെ ഉണ്ടായിരുന്നു. ഇതിന് ഇറെനെയൂസിന്റെ (+ 200) സാക്ഷ്യമുണ്ട്: കർത്താവ് മനുഷ്യരൂപമെടുത്തു വന്നത് നഷ്ടപ്പെട്ടതു മനുഷ്യനായിരുന്നതുകൊണ്ടാണ് എന്നു വ്യക്തമാക്കിയിട്ട് ഹവ്വായും മറിയവും തമ്മിലുള്ള സാമ്യത്തെക്കുറിച്ച് ഇറെനെയൂസ് എഴുതുന്നു: "ആദത്തിന്റെ വംശാവലിയിൽപ്പെട്ടവളുടേതുപോലെ തന്റെ രൂപമെടുത്തു. എന്തുകൊണ്ടെന്നാൽ, മർത്യത അമർത്യതയിലും ഹവ്വാ മറിയമിലും അലിഞ്ഞുചേരാനും ഒരു കന്യക മറ്റൊരു കന്യകയുടെ മധ്യസ്ഥയായിരിക്കാനും കന്യകയുടെ അനുസരണക്കേട് കന്യകയുടെ അനുസരണയിലൂടെ നീക്കി നശിപ്പിക്കാനുമായി, ക്രിസ്തുവിൽ ആദം അവശ്യം നവീകരിക്കപ്പെടേണ്ടിയിരുന്നു." (ജി.ചേടിയത്ത്, *അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്*, കോട്ടയം, 2003, 32). മറിയം - ഹവ്വാമാരെ രൂപ - പ്രതിരൂപങ്ങളായി വ്യാഖ്യാനിക്കുന്ന സുറിയാനി പാമ്പര്യത്തിന് മാർ അപ്രേം (+ 373) വിശാലമായ വഴി തുറന്നു. അദ്ദേഹത്തിന്റെ പല മറിയകീർത്തനങ്ങളിലും വ്യക്തമാണ്. ഉദാഹരണത്തിന് ഒരു കീർത്തനത്തിൽനിന്ന്: (*പാന*)

തിക്തമാം ഫലം ഹവ്വ പറിച്ചെങ്കിൽ
മർത്യനേകി മധുരക്കനിയിവൾ.
മേരിതൻ ഫലം സ്വീകരിച്ചാനന്ദ-
പൂരിതരായി പാരിടമൊക്കെയും.

പറുദീസാതൻ മദ്ധ്യേ നിഗൂഢമായ്
മരുവീടിന ജീവന്റെ മാമരം
മറിയമിൽ വളർന്നഖിലർക്കുമായ്
ചൊരിയുന്നു സുരക്ഷാഫലങ്ങളെ.

മഹത്വത്തിൻ നിലയങ്കി നെയ്തിവൾ
മടിയറ്റേകി ആദിപിതാക്കൾക്കായ്
മരങ്ങൾക്കുള്ളിൽ നഗ്നശരീരങ്ങളായ്
മരുവുമ്പോളവരെയുടുപ്പിച്ചു.

പത്നി വീഴ്ത്തിയൊരാദത്തെയിന്നിതാ
പുത്രി താങ്ങിയുയർത്തി നിറുത്തുന്നു.
മേരി നല്കും ബലിഷ്ഠമാം താങ്ങിനാൽ
ധീരത പൂണ്ടെഴുന്നേറ്റു മാനവൻ.

ദന്ദശുകവും ഹവ്വായുമൊന്നിച്ചു
വൻ കുഴി കുഴിച്ചാദത്തെ വീഴിച്ചു.
എങ്കിലുമതിൽനിന്നു കരേറ്റുവാൻ
തൻ കുമാരനൊത്തെത്തി രാജാംഗന.

കന്യകാമുദ്ര പേറുന്ന മുന്തിരി
ധന്യമാം ഫലസഞ്ചയം നല്കുന്നു.
ആ ഫലത്തിൽനിന്നുള്ള മധുരമാ-
മാസവം ദുഃഖിതർക്കൊരാശ്വാസമായ്.

വിലപിച്ചു തളർന്നൊരാദത്തിനും
ദയിതയ്ക്കുമീയാസവമൗഷധം.
അതു സേവിച്ചു രോഗം ശമിക്കയാൽ
അമിതാശ്വാസമാർന്നാദിമാനവർ. (*മാർ അപ്രേമിന്റെ മറിയകീർത്തനങ്ങൾ*, വിവ: മാത്യു ഉലകംതറ, സെന്റ് എഫ്രേം എക്യുമേനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,, ബേക്കർ ഹിൽ, കോട്ടയം, കേരളം, ഇൻഡ്യ, 1999, 22-23).

മനുഷ്യപുത്രിയിൽനിന്നു തന്റെ കൃപയാൽ മനുഷ്യനായിത്തീർന്നു (വെള്ളി സൂത്താറാ ബോവൂസാ പേജ് 285). വെടുപ്പോടെ കർത്താവിനെ വഹിക്കുകയും ആഘോഷിക്കുകയും ചെയ്തു; പ്രസവിച്ചു (വെള്ളി രാത്രി, എനിയോനൊ, പുറം 289).

അമ്മാനുയേലിന്റെ അമ്മ, അവളുടെ പ്രാർഥന നമ്മോടുകൂടെ

കണ്ടാലും കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ അദ്ഭുതനാകുന്നു. ദൈവം നമ്മോടുകൂടെ എന്നർഥമുള്ള അമ്മാനുയേൽ എന്ന് അവനു പേര് വിളിക്കുമെന്ന് ഏശായാ ദീർഘദർശി തന്റെ പ്രവചനത്തിൽ പറഞ്ഞു. (തിങ്കൾ ആറാം മണി, *കോലൊ* പേജ് 93)

ദൈവപുത്രന്റെ മാതാവ്

“”മറിയം ജനക്കൂട്ടത്തിൽ നിന്നു. ദൈവത്തിന്റെ ജീവനുള്ള പുത്രനെ അവൾ വഹിച്ചിരുന്നു. തന്റെ ആംഗികത്താൽ സകല സൃഷ്ടികളെയും പരിപോഷിപ്പിക്കുന്നവനെ അവൾ പാലൂട്ടി വളർത്തുന്നു. അവളുടെ പ്രാർഥന നമ്മോടുകൂടെയായിരിക്കട്ടെ. (തിങ്കൾ ആറാം മണി, *കോലൊ* പേജ് 93),

കന്യകയും പുത്രനെ പ്രസവിച്ച മാതാവും

അവളുടെ ചരിതം വർണനാതീതം: മുഖ്യ കാരണം ഒരേ സമയം കന്യകയും മാതാവും

അവളുടെ പുകഴ്ചകളുടെ ചരിത്രം വിവരിക്കാൻ നാവിനു പ്രാപ്തിയില്ല ((ചൊവ്വാ സന്ധ്യ, *കോലോകൾ*, പേജ് 100)

കർത്താവിനെ പ്രസവിച്ച കന്യകാമാതാവ് (ചൊവ്വാ സന്ധ്യ, *കോലോകൾ*, പേജ് 100)

രണ്ടാം സ്വർഗം

സ്വർഗീയ പരിമളമായ കർത്താവിനെ രണ്ടാം സ്വർഗമായി വഹിച്ച വിശുദ്ധിയും വെടുപ്പുമുള്ളവളും മാതാവുമായ കന്യക മറിയാം (ചൊവ്വാ സന്ധ്യ, സെദറാ, പേജ് 99). രണ്ടാം സ്വർഗമെന്നു പുകഴ്ചയോടെ വിളിക്കപ്പെടുന്ന ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ... (ചൊവ്വാ പ്രഭാതം സെദറാ പുറം 132).

പുതിയ ആകാശം:

ഭൂമിയിൽ കാണപ്പെട്ട പുതിയ ആകാശമാണ് കന്യക മറിയാം. എന്തെന്നാൽ, ലോകങ്ങൾക്കു മുമ്പനെന്ന നാമമുള്ള നീതിസൂര്യൻ അവളിൽനിന്നു ഭൂലോകത്തിൽ പ്രകാശിക്കുകയും തെറ്റെന്ന അന്ധകാരം ദൂരീകരിക്കുകയും ചെയ്തു. (ശനി ആറാം മണി, കോലൊ, പേജ് 388).

ക്രൂബേകളുടെ രഥം

ക്രൂബേകളുടെ രഥംപോലും അവളോട് അനുപമമാകുന്നു. (ചൊവ്വാ സന്ധ്യ, *കോലോകൾ*, പേജ് 100)

ഹസ്കിയേൽ ദർശിച്ച രഥം എസെക്കി 1,4-28 (തിങ്കൾ രാത്രി ഒന്നാം കൗമാ, കോലൊ, ചൊവ്വാ രാത്രി ഒന്നാം കൗമാ, കോലൊ)

പ്രകാശത്തിന്റെ മാതാവ് (ചൊവ്വാ രാത്രി, ഒന്നാം കൗമ്ാ, മാവുർബൊ, പുറം 126).

മുൾപടർപ്പ് (പുറ 3,1-6)

തിങ്കൾ രാത്രി രണ്ടാം കൗമാ പ്രവചനമതിൽ മുമ്പൻ മൂശ ...

സീനായ് പർവതത്തിൽ മോശ ദർശിച്ച മുൾപടർപ്പ് നിന്നെ രൂപവത്കരിച്ചിരുന്നു. മുൾപടർപ്പ് നിന്റെ വിശുദ്ധ ശരീരത്തെയും, എരിഞ്ഞുപോകാതിരുന്ന അതിന്റെ ശിഖിരങ്ങൾ നിന്റെ കന്യത്വത്തെയും, മുൾപടർപ്പിൽ കാണപ്പെട്ട അഗ്നി നിന്നിൽ വസിച്ച ദൈവത്തെയും അടയാളപ്പെടുത്തിയിരുന്നു. (ചൊവ്വാ പ്രഭാതം, പേജ് 131)

വേഗതയുള്ള മേഘം

വേഗതയുള്ള മേഘമായ മറിയമേ, ലോകവല്ലഭനെ നീ എങ്ങനെ വഹിച്ചുവെന്ന് എന്നോടു

പറഞ്ഞാലും. ലോകരക്ഷകൻ നിന്റെ ഉദരത്തിൽനിന്ന് ഉദിക്കുമെന്ന് ഗബ്രിയേൽ വന്ന് എന്നോടറിയിക്കുകയും പറയുകയും ചെയ്തു. ലോകരക്ഷിതാവ് സത്യമായും അവനാകുന്നു. (ചൊവ്വ പ്രഭാതം, കോലൊ, പേജ് 134-135).

എളിമയുള്ള ദാവീദുപുത്രി, കർത്താവിന്റെ താഴ്മയുള്ള ദാസി, മഹിമാവും ശ്രേഷ്ഠനുമായ കർത്താവ് തന്റെ പ്രാഭവത്തിന് മണവറയാക്കിത്തീർത്തവൾ (വെള്ളി രാത്രി ഒന്നാം കൗമാ പ്രുമിയോൻ, പേജ് 291)

നിത്യകന്യക

മറിയാമിന്റെ കന്യാത്വസംരക്ഷകൻ

ദൈവപുത്രൻ അവളിൽനിന്നു ജനിച്ചെങ്കിലും അവളുടെ കന്യത്വമുദ്ര നഷ്ടപ്പെട്ടുപോകാതെ അവൻ സംരക്ഷിച്ചു. (തിങ്കൽ പ്രഭാതം കോലൊ, പുറം 78). പരിശുദ്ധനും മഹത്ത്വമുള്ളവനുമായ ദൈവമായ കർത്താവുതന്നാണ് കാലത്തികവിൽ പരിശുദ്ധ കന്യകമറിയാമിൽനിന്നു ജനിക്കുകയും അവളുടെ കന്യ്ത്ത്വം സംരക്ഷിക്കുകയും ചെയ്തത്. (തിങ്കൽ ആറാം മണി, *സെദറാ*, പുറം 92)

പുത്രനാൽ പ്രകാശിത: സൂര്യന്റെ കതിര് സ്ഫടികത്തിലും ജലത്തിലുംകൂടെ കടന്നുപോകുന്നു. സൂര്യന്റെ ജ്വാല ജലത്തിൽ പ്രകാശം ജനിപ്പിക്കുന്നു. മറിയം സ്ഫടികവും ജലവുമാണ്. അവൾ പ്രസവിച്ച പുത്രൻ പ്രകാശമാണ്. മറിയം താൻ പ്രസവിച്ച പുത്രനാൽ പ്രകാശിതയാണ്. (തിങ്കൽ പ്രഭാതം കോലൊ, പുറം 78)

സ്ത്രീകളിലേറ്റം സുന്ദരി, സൃഷ്ടിയുടെമേൽ വിരിക്കപ്പെട്ട ആവരണമാണു നീ, മാലിന്യമില്ലാവളും

സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളുടെ ഓർമയെ സ്വർഗത്തിലും ഭൂമിയിലും ഉന്നതമാക്കി ബഹുമാനിച്ചവനും, തന്റെ മാതാവിനെയും നീതി... ആയവൻ (ചൊവ്വാ പ്രഭാതം, സെദറാ പുറം 132)

മധ്യസ്ഥ

എന്തുകൊണ്ടു മറിയാമിന്റെ മാധ്യസ്ഥം തേടുന്നു?

ഉത്തരം: എന്തെന്നാൽ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും നാഥൻ ലോകത്തിന്റെ രക്ഷയ്ക്കായായി വന്ന് അവളിൽനിന്നു ജനിച്ചു. അവൻ സത്യമായും ദൈവപുത്രനാകുന്നു. (ചൊവ്വ, പ്രഭാതം, കോലൊ,പുറം 135).

വെടുപ്പുള്ള കന്യകമറിയാമിന്റെ ഓർമയ്ക്ക് ഒരുങ്ങിവന്നവർ അവൾക്ക് ഉപഹാരമായി പ്രാർഥനകളും അപേക്ഷകളും അർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവൾ ന്യായസ്ഥലത്ത് നമുക്കായി നില്ക്കുകയും ലോകം മുഴുവന്റെമേലും അനുഗ്രഹമുണ്ടാകാൻ നമുക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യും. (തിങ്കൽ പ്രഭാതം കോലൊ, പുറം 78)

യാമനമസ്കാരക്രമത്തിൽ നമ്മുടെ കർത്താവും ദൈവവുമായ യേശുമിശിഹായുടെ മാതാവിനെ സംബന്ധിച്ച് പഴയ നിയമത്തിൽനിന്നുള്ള വിവിധങ്ങ ളായ പ്രതിരൂപങ്ങളും പ്രവചന - പൂർത്തീകരണക്രമം അനുസരിച്ചുള്ള വേദവായനയും വ്യാഖ്യാനങ്ങളു മുണ്ട്. അന്ത്യോക്യൻ 'ബൈബിൾവ്യാഖ്യാന'ശൈലിയിലുള്ളവ. അതിന്റെ അടിസ്ഥാന സ്വഭാവം പ്രവചനാത്മക വായനയാണ്.